# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## കോഴിക്കോട് സർവ്വകലാശാല സെനറ്റിലെ ഒഴിവുകൾ നികത്തുന്നതിന് നിയമസഭാസാമാജികരിൽ നിന്നും പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽ നിന്നും ഓരോ അംഗം ഉൾപ്പെടെ ആറ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

[1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്ടിന്റെ 17-ാം വകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ (3)-ാം ഇനം അനുസരിച്ച്]

**വിജ്ഞാപനം**

നമ്പർ: 19107/ലെജിൻ-2/2022/നി.സെ. തിരുവനന്തപുരം, 2022 നവംബർ 15.

1975-ലെ കോഴിക്കോട് സർവ്വകലാശാലയുടെ (വിവിധ അധികാര സ്ഥാനങ്ങളിലേക്കോ, സ്ഥാപനങ്ങളിലേക്കോ തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച്) സ്റ്റാറ്റ്യൂട്ടുകളുടെ 88-ാം ഖണ്ഡികയനുസരിച്ചും അതിന്റെ 89-ാം ഖണ്ഡിക പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിച്ചു കൊണ്ടും കോഴിക്കോട് സർവ്വകലാശാലാ സെനറ്റിലേക്ക് കേരള നിയമസഭാ സാമാജികരിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്നു;

കോഴിക്കോട് സർവ്വകലാശാലാ സെനറ്റിലേക്ക് താഴെപ്പറയുന്ന ഒഴിവുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കേരള നിയമസഭാംഗങ്ങളിൽ നിന്നും പ്രസ്തുത സർവ്വകലാശാലയുടെ അധികാര പരിധിയിൽപ്പെട്ട സമ്മതിദായകരെ പ്രതിനിധീകരിക്കുന്ന സാമാജികരിൽ നിന്ന് ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

| വിഭാഗം | ഒഴിവുകളുടെ എണ്ണം |
|---|---|
| ജനറൽ വിഭാഗം | 4 |
| പട്ടികജാതി വിഭാഗം | 1 |
| പട്ടികവർഗ്ഗ വിഭാഗം | 1 |
| **ആകെ** | 6 |

1. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2022 നവംബർ 30-ാം തീയതി ബുധനാഴ്ചക്കപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു ഒഴിവ് ദിവസമൊഴികെ) പകൽ 11 മണിക്കും 3 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിക്ക് സമർപ്പിക്കാവുന്നതാണ്.

2. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

3. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2022 ഡിസംബർ 1-ാം തീയതി വ്യാഴാഴ്ച പകൽ 11 മണിക്ക് നാമനിർദ്ദേശപത്രികകൾ സൂക്ഷ്മ പരിശോധനയ്ക്ക് എടുക്കുന്നതും സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്നുതന്നെ നിയമസഭാ മന്ദിരത്തിലുള്ള നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

4. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2022 ഡിസംബർ 6-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി വരണാധികാരിക്ക് അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ വച്ച് സമർപ്പിക്കാവുന്നതാണ്.

5. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ് 2022 ഡിസംബർ 6-ാം തീയതി ചൊവ്വാഴ്ച നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിലും നിയമസഭാ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്.

6. വോട്ടെടുപ്പ് ആവശ്യമായി വരുന്ന പക്ഷം 2022 ഡിസംബർ 15-ാം തീയതി വ്യാഴാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പറുകൾ അയച്ചു കൊടുക്കുന്നതാണ്.

7. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കുന്നതിനുള്ള അവസാന തീയതിയും സമയവും 2022 ഡിസംബർ 30-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണി ആയിരിക്കുന്നതാണ്.

8. വോട്ടുകളുടെ സൂക്ഷ്മപരിശോധനയും എണ്ണലും 2022 ഡിസംബർ 31-ാം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നടത്തുന്നതാണ്.

**എ. എം. ബഷീർ,**
*വരണാധികാരി &*
*സെക്രട്ടറി, കേരള നിയമസഭ*